**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 8

# വാർത്താക്കുറിപ്പ്

---

**നേട്ടം സ്റ്റാൻഫോർഡ് എൽസേവിയർ റാങ്കിംഗിൽ**

## മികച്ച രണ്ടു ശതമാനം ശാസ്ത്രജ്ഞരുടെ ആഗോള പട്ടികയിൽ പ്രഫ. സാബു തോമസും എം.ജിയിലെ രണ്ട് അധ്യാപകരും

അമേരിക്കയിലെ സ്റ്റാൻഫോർഡ് സർവകലാശാലയും നെതർലാൻഡ്സ് ആസ്ഥാനമായുള്ള പ്രമുഖ പ്രസിദ്ധീകരണ കമ്പനിയായ എൽസേവിയറും ചേർന്ന് ആഗോള തലത്തിൽ തയ്യാറാക്കിയ മികച്ച രണ്ടു ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ എം. ജി. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസും സർവകലാശാലയിലെ രണ്ട് അധ്യാപകരും തിരഞ്ഞെടുക്കപ്പെട്ടു.

സ്കൂൾ ഓഫ് ബയോസയൻസസിലെ അസിസ്റ്റന്റ് പ്രഫസർ ഡോ. രാധാകൃഷ്ണൻ ഇ. കെ., സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസോസിയേറ്റ് പ്രഫസർ ഡോ. ശ്രീകല എം.എസ്. എന്നിവരാണ് പട്ടികയിൽ ഇടം നേടിയ അധ്യാപകർ.

പ്രബന്ധങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും സ്വീകാര്യത, നിലവാരം എന്നിവയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് 22 ശാസ്ത്ര മേഖലകളിലെയും 176 ഉപമേഖലകളിലെയും ഒരു ലക്ഷത്തിലധികം മികച്ച ശാസ്ത്രജ്ഞൻമാരുടെ കഴിഞ്ഞ ഒരു വർഷത്തെ പട്ടിക തയ്യാറാക്കിയത്.

പോളിമെർ സയൻസ്, നാനോസയൻസ്, നാനോടെക്നോളജി മേഖലയിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള പ്രൊഫ. സാബു തോമസ് തുടർച്ചയായി മൂന്നാം തവണയാണ് ഈ പട്ടികയിൽ ഇടം നേടുന്നത്. കഴിഞ്ഞ മാസം സ്റ്റാൻഫോർഡ് സർവ്വകലാശാല പ്രസിദ്ധീകരിച്ച ലോകത്തിലെ മികച്ച രണ്ടു ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിലും പ്രഫ. സാബു തോമസ് ഉൾപ്പെട്ടിരുന്നു.

ഖരഗ്പൂർ ഐ.ഐ.ടിയിൽ നിന്നും പി.എച്ച്.ഡിയും ബെൽജിയത്തിലെ കാതോലിക്കേറ്റ് സർവകലാശാലയിൽ നിന്നും കാനഡയിലെ ക്യുബെക് സർവകലാശാലയിൽ നിന്നും പോസ്റ്റ് ഡോക്ടറൽ ഡിഗ്രിയും കരസ്ഥമാക്കിയിട്ടുള്ള ഇദ്ദേഹം 1400ലധികം പ്രബന്ധങ്ങളും നൂറോളം ശാസ്ത്ര പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. പ്രഫ. സാബു തോമസിന്റെ കീഴിൽ 120ഓളം ഗവേഷണ വിദ്യാർഥിളുണ്ട്.

ഇദ്ദേഹത്തിന്റെ ഗവേഷണ കണ്ടുപിടുത്തങ്ങൾ നാനോടെക്നോളജി, നാനോമെഡിസിൻ, ജല ശുദ്ധീകരണം, പോളിമെർ സാങ്കേതിക വിദ്യ, ടയർ എൻജിനീയറിംഗ്, മുതലായ മേഖലകളിൽ ആഗോളതലത്തിൽതന്നെ ശ്രദ്ധ നേടിയവയാണ്. പതിനഞ്ചിലധികം അന്താരാഷ്ട്ര പ്രോജക്ടുകളും മുപ്പത്തിയഞ്ചോളം ദേശീയ പ്രൊജക്ടുകളും എം.ജി.സർവകലാശാലയ്ക്ക് ലഭ്യമാക്കിയ ഇദ്ദേഹം ഇന്ത്യയിലും വിദേശത്തുമായി നിരവധി യൂണിവേഴ്സിറ്റികളിൽ വിസിറ്റിംഗ് പ്രഫസറുമാണ്.

തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ നിന്നും പി.എച്ച്.ഡി നേടിയ ഡോ. രാധാകൃഷ്ണൻ ജപ്പാനിലെ ടോക്കിയോ സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിനു ശേഷമാണ് എം. ജി. യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് പ്രഫസറായി ജോലിയിൽ പ്രവേശിച്ചത്. സസ്യ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന ബാക്ടീരിയകളെകുറിച്ചാണ് ഇദ്ദേഹത്തിന്റെ പ്രധാന ഗവേഷണം.

കേന്ദ്ര-സംസ്ഥാന ധനസഹായത്തോടെ പൂർത്തീകരിച്ച പത്തോളം പ്രോജക്ടുകളും 150ലധികം ഗവേഷണ പ്രസിദ്ധീകരണങ്ങളും ഇദ്ദേഹത്തിന്റേതായുണ്ട്. ചുരുങ്ങിയ കാലയളവിൽ ഡോ. രാധാകൃഷ്ണന്റെ കീഴിൽ പതിനാലു വിദ്യാർഥികൾ പി.എച്ച്.ഡി പൂർത്തീകരിച്ചു.

ആന്റിബയോട്ടിക്കുകളെ നിർവീര്യമാക്കാൻ കഴിയുന്ന ബാക്ടീരിയകളെക്കുറിച്ചുള്ള ഗവേഷണത്തിന് ഇദ്ദേഹം തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാന മൃഗ സംരക്ഷണ വകുപ്പിന്റെയും മെഡിക്കൽ കോളേജിന്റെയും സഹായത്തോടു കൂടിയാണ് ഈ ഗവേഷണം.

ഇദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഗവേഷണ സംഘം പ്രകൃതിദത്ത ജൈവവളങ്ങളുടെ നിർമ്മാതാക്കളായ അബ്ടെക് എന്ന കമ്പനിയുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത 'നാനോപവർ' എന്ന ഉത്പന്നത്തിന് വിപണിയിൽ ആവശ്യക്കാർ ഏറെയുണ്ട്. സർവകലാശാലയുടെ മികച്ച ഗവേഷണ ഫലങ്ങൾ വ്യാവസായിക സംരംഭങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്ററിന്റെ ഓണററി ഡയറക്ടർ കൂടിയാണ് ഡോ. രാധാകൃഷ്ണൻ.

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്നും പി.എച്ച്.ഡി നേടിയ ഡോ. ശ്രീകല ജപ്പാനിലെ യമാഗുച്ചി, ജർമനിയിലെ കൈസർസ്ലേഔട്ടൺ സർവകലാശാലകളിൽനിന്നും പോസ്റ്റ് ഡോക്ടറൽ യോഗ്യതയും കരസ്ഥമാക്കി.

അന്നജം പോലുള്ള പ്രകൃതിജന്യ വസ്തുക്കളിൽ നിന്നും പരിസ്ഥിതി സൗഹാർദ ഉത്പന്നങ്ങൾ തയ്യാറാക്കാൻ സഹായകയമായ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതാണ് ഗവേഷണ മേഖല. മനുഷ്യ നിർമ്മിതമായ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുവാനും കൃഷി സ്ഥലങ്ങളിലെയും ഭക്ഷ്യ വ്യവസായ യൂണിറ്റുകളിലെയും ഉപയോഗശൂന്യമായ പദാർത്ഥങ്ങളിൽ നിന്നും മേന്മയേറിയ ഉത്പന്നങ്ങൾ നിർമ്മിക്കുവാനും ഇത്തരം ഗവേഷണങ്ങളിലൂടെ ലക്ഷ്യമിടുന്നു.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജി ജോയിന്റ് ഡയറക്ടറായും ഡോ. ശ്രീകല പ്രവർത്തിച്ചു വരുന്നു.

(പി.ആർ.ഒ./39/1597/2022)

## എം.ജി. സർവകലാശാല; പ്രൈവറ്റ് രജിസ്ട്രേഷന് ഇന്നു മുതൽ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ 2022-23 അധ്യയനവർഷത്തിൽ ബി.എ, ബി.കോം, എം.എ, എം.കോം, എം.എസ്.സി (മാത്തമാറ്റിക്സ്) പ്രോഗ്രാമുകളിൽ പ്രൈവറ്റ് രജിസ്ട്രേഷന് ഇന്നു(നവംബർ 9) മുതൽ അപേക്ഷ നൽകാം.

യു.ജി ഏൾ കോഴ്സുകളിൽ ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ഇസ്ലാമിക് ഹിസ്റ്ററി, സോഷ്യോളജി, ഫിലോസഫി,കൊമേഴ്സ് വിഷയങ്ങൾക്ക് സി.ബി.എസ്2017 (മോഡൽ1 പ്രൈവറ്റ്) സിലബസിലും പി.ജി പ്രോഗ്രാമുകളിൽ എം.എ ഹിന്ദി, സംസ്കൃതം, അറബിക്, സിറിയക്, ഹിസ്റ്ററി, ഇക്കണോമിക്സ്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഇസ്ലാമിക് ഹിസ്റ്ററി, എം.എസ്.സി മാത്തമാറ്റിക്സ്, എം.കോം എന്നീ പ്രോഗ്രാമുകൾക്ക് സി.എസ്.എസ് - 2019 പ്രൈവറ്റ് സിലബസിലുമാണ് പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിച്ചിട്ടുള്ളത്.

അപേക്ഷകൾ പിഴ കൂടാതെ ഡിസംബർ 13 വരെയും 1105 രൂപ പിഴയോടെ ഡിസംബർ 14 മുതൽ 23 വരെയും

2205 രൂപ പിഴയോടെ ഡിസംബർ 24 മുതൽ ഡിസംബർ 31 വരെയും അപേക്ഷ സ്വീകരിക്കും.

യു.ജി നോൺ-ഏൾ കോഴ്സുകളിൽ രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ് സെമസ്റ്ററുകളിലേക്കുള്ള റഗുലർ ടു പ്രൈവറ്റ് സ്കീം മാറ്റം, ബി.കോം അഡീഷണൽ ഓപ്ഷണൽ/ഇലക്ടീവ്, അഡീഷണൽ സെക്കൻഡ് ലാംഗ്വേജ്/കോമൺ കോഴ്സ്-2, അഡീഷണൽ ഡിഗ്രി, ഫാക്കൽറ്റി മാറ്റം, അഡീഷണൽ കോമൺ കോഴ്സ് 1, 2 എന്നീ വിഭാഗങ്ങളിൽ സി.ബി.സി.എസ്-2017 (മോഡൽ 1) സിലബസിൽ വ്യവസ്ഥക്ക് വിധേയമായി പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കും.

പി.ജി നോൺ-ഏൾ കോഴ്സ് വിഭാഗത്തിൽ രണ്ട്, മൂന്ന് നാല് സെമസ്റ്ററുകളിലേക്ക് സി.എസ്.എസ്-2019 സിലബസിൽ റഗുലർ ടു പ്രൈവറ്റ് സ്കീം മാറ്റം അനുവദിച്ചിട്ടുണ്ട്.

ഒന്നും രണ്ടും സെമസ്റ്റർ യു.ജി, പി.ജി ഏൾ കോഴ്സ് രജിസ്ട്രേഷനു വേണ്ടി അപേക്ഷ സമർപ്പിക്കേണ്ടതും ഫീസ് അടയ്ക്കേണ്ടതും ഓൺലൈനിലാണ്.

വിജ്ഞാപനത്തിനൊപ്പമുള്ള അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ചതിനു ശേഷം www.epay.mgu.ac.in ൽ ഫീസ് അടച്ചതിൻറെ രസീത് അപേക്ഷയ്ക്കൊപ്പം സമർപ്പിക്കണം. ഫീസ് തിരികെ ലഭിക്കുന്നതല്ല.

ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും ഓഫ്‌ലൈൻ കോഴ്സുകളുടെ പൂരിപ്പിച്ച അപേക്ഷയും, അനുബന്ധ രേഖകളും അസിസ്റ്റന്റ് രജിസ്ട്രാർ (പ്രൈവറ്റ് രജിസ്ട്രേഷൻ), മഹാത്മാ ഗാന്ധി സർവകലാശാല, പി.ആർ തപാൽ സെക്ഷൻ- റൂം നമ്പർ 512, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-686560 എന്ന മേൽവിലാസത്തിൽ രജിസ്റ്റേഡ് തപാലിൽ അയയ്ക്കണം. അപേക്ഷകൾ സർവകലാശാലയിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.

വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in/private-registration/) ലഭ്യമാണ്. ഫോൺ 0481 2733624 (ബി.കോം), 8330013005 (എം.എ, എം.കോം. എം.എസ്സി), 0481 2733681 (ബി.എ).

(പി.ആർ.ഒ./39/1598/2022)

## ബിരുദ ഏകജാലകം; മൂന്നാം റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു .

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ബിരുദ ഏകജാലക പ്രവേശനത്തിനുള്ള മൂന്നാമത്തെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ കോളജുകളുമായി ബന്ധപ്പെട്ട് സാധ്യത മനസിലാക്കി കോളജിൽനിന്ന് നിർദേശിക്കുന്ന സമയത്ത് ഹാജരായി പ്രവേശനം നേടണം.

റാങ്ക് ലിസ്റ്റിലെ ക്രമപ്രകാരമായിരിക്കും പ്രവേശനം. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ നിശ്ചിത സമയത്ത് ഹാജരായില്ലെങ്കിൽ അടുത്ത റാങ്കിലുള്ളവരെ പരിഗണിക്കും. റാങ്ക് ലിസ്റ്റിലെ ക്രമം മറികടന്ന് പ്രവേശനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ സർവകലാശാലയുടെ ഏകജാലക സംവിധാനത്തിന്റെ ഇ മെയിൽ വിലാസത്തിൽ രേഖാമൂലം പരാതി സമർപ്പിക്കാം.

മൂന്നാമത്തെ റാങ്ക് ലിസ്റ്റ് പ്രകാരമുള്ള പ്രവേശന നടപടികൾ ഇന്ന്(നവംബർ 9) വൈകുന്നേരം നാലിനു മുൻപ് പൂർത്തീകരിക്കണം.

(പി.ആർ.ഒ./39/1599/2022)

## ലഹരിവിരുദ്ധ ബോധവത്കരണ സെമിനാർ നടത്തി

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീമും ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയനും സംയുക്തമായി എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ വിദ്യാർഥികൾക്കായി ലഹരിവിരുദ്ധ

ബോധവത്കരണ സെമിനാർ നടത്തി. സർവകലാശാല അസംബ്ലി ഹാളിൽ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു.

ലഹരിയുടെ ഉപയോഗം ഒഴിവാക്കുന്നതിനൊപ്പം ലഹരിവിരുദ്ധ ബോധവത്കരണം ഉത്തരവാദിത്വമായി കണ്ട് പ്രവർത്തിക്കാനും വിദ്യാർഥികൾ തയ്യാറാകണമെന്ന് അദ്ദേഹം പറഞ്ഞു. പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ എം.എൻ. ശിവപ്രസാദ് ബെന്നി സെബാസ്റ്റ്യൻ എന്നിവർ ക്ലാസെടുത്തു.

സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, ജോയിന്റ് രജിസ്ട്രാർ ബാബുരാജ് എ. വാര്യർ, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഡോ. ബിജു ലക്ഷ്മണൻ, എൻ.എസ്.എസ് വോളണ്ടിയർ സെക്രട്ടറി ആർ. യദുകൃഷ്ണൻ, ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ പ്രതിനിധി അഖിൽ പി. മാധവ് എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ./39/1600/2022)

## പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല നവംബർ 17നും 29നും നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റി വച്ചതായി പരീക്ഷാ കൺട്രോളർ അറിയിച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ./39/1601/2022)

## പരീക്ഷാ കേന്ദ്രം

ഒന്ന്, രണ്ട് സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ., എം.കോം., എം.എസ്.സി. (20202021 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ പരീക്ഷാ കേന്ദ്രം സംബന്ധിച്ച വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത സെന്ററിൽ നിന്നും ഹാൾ ടിക്കറ്റുകൾ കൈപ്പറ്റി പരീക്ഷാ കേന്ദ്രമായി അനുവദിച്ചിരിക്കുന്ന കോളേജിൽ പരീക്ഷയ്ക്ക് ഹാജരാകണം.

(പി.ആർ.ഒ./39/1602/2022)

## പരീക്ഷാ ഫലം

എട്ടാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി. (2010 അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ്, 2009 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2008 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് - ജൂൺ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം നവംബർ 22 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1603/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**